കേരള ഇറിഗേഷൻ ആന്റ് വാട്ടർ കൺസർവേഷൻ ആക്ട്

18 [899] പ്രൊഫ. എ. ഡി. മുസ്തഫ:
ശ്രീ. ജോർജ് ജെ. മാത്യു:
„ ബി. വിജയകുമാർ:
„ അടൂർ പ്രകാശ്:
ശ്രീമതി രാധാരാഘവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഇറിഗേഷൻ ആന്റ് വാട്ടർ കൺസർവേഷൻ ആക്ടിന്റെ എല്ലാ വകുപ്പുകളും പ്രാബല്യത്തിൽ വന്നുവോ;

(ബി) ഇല്ലാത്തപക്ഷം ഇനി എന്തെല്ലാം വകുപ്പുകളാണ് പ്രാബല്യത്തിൽ വരാനുള്ള തെന്നും പ്രസ്തുത വകുപ്പുകൾ പ്രാബല്യത്തിൽ വരുത്തുന്നതിനുള്ള കാലതാമസമെന്താ ണെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) കേരള ഇറിഗേഷൻ ആന്റ് വാട്ടർ കൺസർവേഷൻ ആക്ടിന്റെ 4, 45, 46, 47, 48 എന്നീ വകുപ്പുകളാണ് പ്രാബല്യത്തിൽ വരാനുള്ളത്. ചട്ടങ്ങൾ രൂപീകരിച്ചതിനുശേഷം ബാക്കി വകുപ്പുകൾ പ്രാബല്യത്തിൽ കൊണ്ടുവരുന്നതിനാണ് ഉദ്ദേശിക്കുന്നത്.

വരൾച്ച അഭിമുഖീകരിക്കുന്നതിനുള്ള മുൻകരുതൽ നടപടി

19 [901] ശ്രീ. സ്റ്റീഫൻ ജോർജ്:
„ ജോസഫ് എം. പുതുശ്ശേരി:
„ തോമസ് ഉണ്ണിയാടൻ:
ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷത്തെ കടുത്ത വരൾച്ചയെ അഭിമുഖീകരിക്കുന്നതിന് ജലസേചന വകുപ്പ് എന്തെല്ലാം മുൻകരുതലുകൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) ഇതിനായി എന്തു ചെലവ് വേണ്ടിവരുമെന്നാണ് കണക്കാക്കിയിട്ടുള്ളതെന്ന് അറിയിക്കാമോ;

(സി) കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നടപ്പാക്കിയിട്ടുള്ള പദ്ധതികളുടെ വിശദാംശങ്ങൾ അറിയിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly